(ഡി) മധുര-തിരുവനന്തപുരം ലൈനിന്റെ പണി ഉദ്ദേശം 55% പൂർത്തിയായിട്ടുണ്ട്. ബാക്കി പണികൾ പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം 400 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണം 50 ശതമാനത്തോളം തീർന്നിട്ടുണ്ട്. ജോലികൾ പുരോഗമിച്ചുവരുന്നു.

(ഇ) തിരുവനന്തപുരം 400 കെ. വി. സബ്സ്റ്റേഷന്റെയും ലൈനിന്റെയും പണി 2003 ഡിസംബർ 31-ന് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റ് സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ടാർജറ്റ് തീയതികൾ ഇപ്പോൾ പറയാവുന്ന സ്ഥിതിയിലല്ല.

2003-ലെ ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട്

8 [5964] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, കെ. രാധാകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ:
,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ ഉൽപ്പാദന വിതരണ പ്രസരണ മേഖല ലാഭം മാത്രം ലാക്കാക്കുന്ന സ്വകാര്യ കമ്പനികൾക്കും വിദേശ കമ്പനികൾക്കും നിക്ഷേപത്തിന് വിട്ടുകൊടുത്താൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പാർലമെന്റിൽ ബിൽ അവതരിപ്പിക്കുന്നതിന് മുൻപ് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരായുകയുണ്ടായോ; ബില്ലിലെ ഏതെങ്കിലും വ്യവസ്ഥകളോട് സർക്കാരിന് വിയോജിപ്പുണ്ടായിരുന്നോ;

(സി) സംസ്ഥാനത്തിന്റേയും ജനങ്ങളുടേയും പൊതു താൽപ്പര്യത്തിന് വിരുദ്ധമായി എന്തെങ്കിലും ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതായി സർക്കാർ കരുതുന്നുണ്ടോ?

ഉത്തരം

(എ) ഈ വിഷയത്തിന്റെ ഭവിഷ്യത്തുകളെയും പ്രത്യാഘാതങ്ങളെയും കുറിച്ച് പഠിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ആരാഞ്ഞിരുന്നു. ഇക്കാര്യത്തിലുള്ള കേരള സർക്കാരിന്റെ എതിർപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു.

(സി) ആക്ടിലെ വ്യവസ്ഥകൾ വിശദമായി പരിശോധിക്കേണ്ടതുണ്ട്.

വൈദ്യുതി ബോർഡ് ജീവനക്കാരുടെ ദീർഘകാല കരാറിന്റെ കാലാവധി

9 [5965] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വൈദ്യുതി ബോർഡ് ജീവനക്കാരുടെ ദീർഘകാല കരാറിന്റെ കാലാവധി എന്നാണ് പൂർത്തിയാകുന്നത്; പുതിയ കരാർ ഉണ്ടാക്കുന്നതിന് ജീവനക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) നിലവിലുള്ള ദീർഘകാല കരാറിന്റെ അടിസ്ഥാനത്തിലുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കരാർ വ്യവസ്ഥകൾ നടപ്പിലാക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ബോർഡിലെ തൊഴിലാളികളുടെ ഒഴിവുകൾ നികത്താത്തതുമൂലം നിലവിലുള്ള തൊഴിലാളികളുടെ ജോലിഭാരം വർദ്ധിച്ചിരിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ഡി) ബോർഡിലെ സ്ഥിരം തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ: ഈ ഒഴിവുകൾ നികത്തുന്നതിനുള്ള തടസ്സം എന്താണ്;

(ഇ) സ്ഥിരം സ്വഭാവമുള്ള തസ്തികകളിൽ കരാറടിസ്ഥാനത്തിലും ഹയർ ആന്റ് ഹയർ അടിസ്ഥാനത്തിലും തൊഴിലെടുപ്പിക്കുന്ന, തൊഴിൽ നിയമങ്ങൾക്ക് വിരുദ്ധമായ നടപടി ബോർഡിൽ തുടരുന്നത് ശരിയാണോ; ഈ വിധത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) വ്യവസായ തൊഴിൽ ബന്ധം സുദൃഢമായി നിലനിർത്തുന്നതിന് മാനേജുമെന്റും തൊഴിലാളി സംഘടനകളും കൂട്ടായ ചർച്ചകളും എഗ്രിമെന്റുകളും നടപ്പിലാക്കുന്നതിന് ഇന്ന് നടപ്പിലാക്കിവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈദ്യുതി ബോർഡ് ജീവനക്കാരുടെ ദീർഘകാല കരാറിന്റെ കാലാവധി 31-7-2003-ന് അവസാനിച്ചു. പ്രസ്തുത കരാർ റദ്ദാക്കാൻ ഉദ്ദേശിക്കുന്നു എന്ന് കാണിച്ച് ബോർഡ് ബന്ധപ്പെട്ട ട്രേഡ് യൂണിയനുകൾക്ക് നോട്ടീസ് നൽകുകയുണ്ടായി. പുതിയ കരാർ ഉണ്ടാക്കുന്നത് സംബന്ധിച്ച് ചർച്ചകൾ ഒന്നും നടത്തിയിട്ടില്ല.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഒഴിവുകൾ താഴെപ്പറയുന്നു:

എ. ഇ. (ഇല.)	..	292
എസ്. ഇ. (ഇല.)	..	597
എൽ. ഡി. ടൈപ്പിസ്റ്റ്	..	5
ലൈൻമാൻ	..	1676
ഇല. വർക്കർ	..	802
സി. എ./എ. എഫ്. ഒ.	..	53
ഓവർസിയർ (ഇല.)	..	1240
മീറ്റർ റീഡർ	..	1096

നിലവിലുള്ള ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) അത്തരത്തിലുള്ള നിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

(എഫ്) വ്യവസായ തൊഴിൽ ബന്ധം സുദൃഢമായി നിലനിർത്തുന്നതിന് മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിൽ ചർച്ചകൾ നടത്താറുണ്ട്.

കല്ലൂർക്കാട് 400 കെ. വി. സബ് സ്റ്റേഷൻ

10 [5966] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ കല്ലൂർക്കാട് 400 കെ. വി. സബ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അനുകൂല നടപടി സർക്കാർ ഭാഗത്ത് നിന്നുണ്ടാകുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ കല്ലൂർക്കാട് 400 കെ. വി. സബ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിൽ ഇല്ല. കേരളത്തിൽ 400 കെ. വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം നടത്തുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ് ആണ്. എറണാകുളം ജില്ലയിൽ 400 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുവാനുള്ള ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു.

കോഴിക്കോട് ജില്ലയിലെ ഇലക്ട്രിക് സെക്ഷനുകൾ

11 [5967] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly